**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 49** **07-06-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ, വിദേശത്ത് ജയിലുകളിൽ കഴിയുന്ന എത്ര പ്രവാസി മലയാളികളെ മോചിപ്പിച്ച് നാട്ടിലെത്തിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (എ) | പ്രവാസി നിയമസഹായ പദ്ധതി പ്രകാരം 6 പേരെ നാട്ടിലെത്തിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ വിദേശത്ത് ജയിലുകളിൽ കഴിയുന്ന പ്രവാസിമലയാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) | തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശത്ത് ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകാനുള്ള സർക്കാരിന്റെ ശ്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ രീതിയിലുള്ള നിയമസഹായം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പ്രവാസി നിയമസഹായ പദ്ധതി 2019 ൽ ആരംഭിച്ചു. ടി പദ്ധതിയിൻ കീഴിൽ കുവൈറ്റ്, ഒമാൻ, ബഹ്റൈൻ, യു.എ .ഇ, സൗദി അറേബ്യ, ഖത്തർ എന്നീ സ്ഥലങ്ങളിലേക്കായി 11നോർക്ക ലീഗൽ കൺസൾട്ടന്റ്മാരെ (NLC) നിയമിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സിലേക്ക് ലഭിച്ചു വരുന്ന അപേക്ഷകളിന്മേൽ ഈ കൺസൾട്ടന്റുമാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ജിദ്ദ, റിയാദ് എന്നിവിടങ്ങളിലേക്ക് ലീഗൽ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞത മൂലം പ്രസ്തുത രാജ്യങ്ങളിലെ കോടതി വ്യവഹാരങ്ങളിലും, മറ്റ് നിയമക്കുരുക്കുകളിലും അകപ്പെട്ട് യാതൊരുവിധ നിയമസഹായവും ലഭിക്കാതെ പ്രവാസി മലയാളികൾ ജയിലുകളിൽ കഴിയുന്നുണ്ട്. ഇവരുടെ കേസുകളിൻമേൽ നിയമോപദേശം നൽകുക, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവ സമർപ്പിക്കാൻ സഹായിക്കുക, നിയമ ബോധവത്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജിമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടുന്ന മലയാളികൾക്ക് നിയമ സഹായം |

| | | | |
|---|---|---|---|
| | | | നൽകുക എന്നീ കാര്യങ്ങളാണ് പ്രവാസി നിയമസഹായ സെൽ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ